# Athmaraksha.org

പാപ്പയിൽ നിറഞ്ഞുനിൽക്കുന്ന സ്വഭാവഗുണങ്ങൾ

## ഫ്രാൻസീസ് പാപ്പാ - ജീവചരിത്രം



അർജന്റീനയിലെ ബ്യൂവെനോസ് ഐരേസിൽ ആണ് ബെർഗോളിയോ ജനിച്ചത്. മാതാപിതാക്കൾ ഇറ്റാലിയൻ കുടിയേറ്റക്കാർ ആയിരുന്നു. സെമിനാരി പ്രവേശനത്തിനു മുമ്പ് അദ്ദേഹം ഒരു കെമിക്കൽ ലാബോറട്ടറിയിലും നൈറ്റ് ക്ലബിലും ജോലി ചെയ്തിരുന്നു.

1969-ൽ ഈശോസഭാ വൈദികനായി. 1973-79 വർഷങ്ങളിൽ ഈശോസഭയുടെ അർജന്റീനിയൻ പ്രവിശ്യയുടെ പ്രൊവിൻഷ്യൽ സുപ്പീരിയർ ആയി സേവനം ചെയ്തു. 1998-ൽ ബ്യൂവെനോസ് ഐരേസിന്റെ ആർച്ച് ബിഷപ്പായി നിയോഗിക്കപ്പെട്ട അദ്ദേഹം 2001-ൽ കർദ്ദിനാൾ ആയി അവരോധിക്കപ്പെട്ടു.

2013 ഫെബ്രുവരി 28ന് ബനഡിക്ട് പതിനാറാമൻ പാപ്പാ സ്ഥാനത്യാഗം ചെയ്തു. തുടർന്ന് വിളിച്ചു ചേർക്കപ്പെട്ട കോൺക്ലേവ് മാർച്ച് 13-ന് ബെർഗോളിയോയെ അദ്ദേഹത്തിന്റെ പിൻഗാമി ആയി തിരഞ്ഞെടുത്തു. വി.ഫ്രാൻസീസ് അസ്സീസിയുടെ അരൂപി ഉൾക്കൊണ്ട് അദ്ദേഹം ഫ്രാൻസീസ് എന്ന പേരു സ്വീകരിച്ചു. പാപ്പാ ആകുന്ന ആദ്യ ഈശോസഭാംഗമാണ് അദ്ദേഹം. അദ്യ തെക്കേ അമേരിക്കനും. 1272 വർഷങ്ങൾക്കു മുമ്പ് പോപ് ആയിരുന്ന ഗ്രിഗറി മൂന്നാമന് ശേഷം യൂറോപ്യൻ അല്ലാത്ത ആദ്യത്തെ പാപ്പായും ആണ് അദ്ദേഹം.

## ബാല്യവും കൗമാരവും

ബ്യൂവെനോസ് ഐരേസിലെ ഫ്‌ളോറസ് ആണ് അദ്ദേഹത്തിന്റെ ജന്മസ്ഥലം. അാരിയോ ഹോസെ ബെർഗോളിയോയുടെ അഞ്ചു മക്കളിൽ ആദ്യ ജാതൻ. ഇറ്റലിയിലെ പിയെമോന്തോ റീജിയനിലെ പോർത്താകൊമാറേയിൽ നിന്നും മാതാതപിതാക്കളോടൊപ്പം അർജന്റീനയിലേക്ക് കുടിയേറിയതായിരുന്നു മാരിയോ. ബ്യൂവെനോസ് ഐരേസിൽ ജനിച്ചു വളർന്ന വടക്കേ ഇറ്റലിക്കാരി (പിയെമോന്തോ) റജീന മരിയ സിവോരിയായിരുന്നു അദ്ദേഹത്തിന്റെ ഭാര്യ. ടബർഗോളിയോയുടെ ഒരു സഹോദരി-മരിയ എലേന-മാത്രമേ ഇപ്പോൾ ജീവിച്ചിരിപ്പുള്ളൂ. 2010-ലാണ് സഹോദരൻ ആൽബർട്ടോ മരിച്ചത്. ഇറ്റാലിയൻ ഫാസിസത്തിന്റെ അതിപ്രസരമാണ് ബെർഗോളിയോ കുടുംബം ഇറ്റലി വിടാൻ കാരണമെന്ന് പിതാവ് മാരിയോ പലപ്പോഴും പറഞ്ഞതായി എലേന മാധ്യമങ്ങളോട് പറയുകയുണ്ടായി.

ഗൻ ലൊറേൻസോ ഫുട്ബോൾ ക്ലബിന്റെ ആരാധകനായിരുന്നു ബെർഗോളിയോ. ടീറ്റ മെരേല്ലോയുടെ സിനിമകളും, ടാംഗോനൃത്തവും, അർജന്റീന-ഉറുഗ്വയ് പരമ്പരാഗത സംഗീതമായ മിലോംഗയു, അദ്ദേഹത്തിന് ഏറെ ഇഷ്ടമായിരുന്നു. റാമോസ് മെജിയയിലുള്ള പരിശുദ്ധ മാലാഖമാരുടെ നാമത്തിലുള്ള സലേഷ്യൻ സ്കൂളിലായിരുന്നു മിഡിൽ സ്കൂൾ പഠനം. തുടർന്ന് എസ്ക്വേല നാഷണൽ ടെക്നിക്കൽ സെക്കണ്ടറി സ്കൂളിൽ നിന്ന് കെമിക്കൽ ടെക്നീഷ്യൻ സർട്ടിഫിക്കേറ്റ് നേടി. അതിനുശേഷം കെമിക്കൽ ടെക്നീഷ്യനായി ജോലി ചെയ്തു.

21-ാം വയസിൽ മാരകമായ ന്യൂമോണിയ അദ്ദേഹത്തെ മരണത്തിന്റെ വക്കോളമെത്തിച്ചു. ശ്വാസകോശങ്ങളുടെ ഒരു ഭാഗം നീക്കം ചെയ്താണ് അദ്ദേഹത്തിന്റെ ജീവൻ നിലനിർത്തിയത്.

### ഈശോ സഭയിൽ

ബ്യൂവെനോസ് ഐരേസ് അതിരൂപതയുടെ സെമിനാരിയിലാണ് അദ്ദേഹം ആദ്യം വൈദിക പഠനം ആരംഭിച്ചത്. 3 വർഷത്തിനു ശേഷം, 1958 മാർച്ച് 11ന്, അദ്ദേഹം ഈശോസഭയിൽ നോവീസ് ആയിപ്രവേശിച്ചു. വൈദിക വിദ്യാർത്ഥി ആയിരിക്കെ അമ്മാവന്റെ ഭവനത്തിലെ വിവാഹവേളയിൽ കണ്ടു മുട്ടിയ ഒരു പെൺകുട്ടിയോട് തനിക്ക് 'ആകർഷണം തോന്നി'യെന്നും തന്റെ ദൈവിക വിളിക്കുതന്നെ അതൊരു വെല്ലുവിളി ആയിരുന്നെന്നും, ഒരാഴ്ചത്തെ പല വിചാരത്തിനും പ്രാർത്ഥനക്കും ശേഷമാണ് ഒരുറച്ച തീരുമാനത്തിലെത്തിയതെന്നും അദ്ദേഹം പറയുന്നു. പിന്നീടദ്ദേഹം തിരിഞ്ഞു നോക്കിയിട്ടില്ല. നോവിഷ്യറ്റ് പൂർത്തിയാക്കിയ വെർഗോളിയോ 1960 മാർച്ച് 12-ന് ഒരു ഈശോ സഭാംഗമായി വ്രതവാഗ്ദാനം ചെയ്തു.

1960-ൽ ബ്യൂവെനോസ് ഐരേസിലെ 'മാക്സിമോ സാൻഹോസെ' ഈശോസഭാ കോളേജിൽ നിന്ന് തത്വശാസ്ത്രത്തിൽ ബിരുദം നേടി. 1964, 65 വർഷങ്ങളിൽ ഈശോ സഭയുടെ 'ലാ ഇമ്മാക്കുലാദാ' ഹൈസ്കൂളിൽ മനഃശാസ്ത്രവും, സാഹിത്യവും പഠിപ്പിച്ചു. 1966-ൽ ബ്യൂവെനോസ് ഐരേസിലെ 'ദെൽ സാൽവദോർ' സ്കൂളിലും ഇതേ വിഷയങ്ങൾ പഠിപ്പിക്കുകയുണ്ടായി.

1967-ൽ അദ്ദേഹം തന്റെ ദൈവശാസ്ത്രപഠനം പൂർത്തിയാത്തി. 1969 ഡിസംബർ 19-ന് ആർച്ച് ബിഷപ് റാമോൻ ഹോസെ കസ്തെല്ലാനോ അദ്ദേഹത്തെ വൈദികനായി അഭിഷേകം ചെയ്തു. പിന്നീട് അദ്ദേഹത്തിന്റെ പ്രോവിൻസിന്റെ നോവീസ് മാസ്റ്ററായി സേവനം ചെയ്തു.

ഈശോ സഭാപരിശീലനത്തിന്റെ ടെർഷ്യൻഷിപ്പ് അദ്ദേഹം നടത്തിയത് സ്പെയിനിലാണ്. ഇതു പൂർത്തിയായതോടെ 1973 ഏപ്രിൽ 22-ന് നിത്യവ്രത വാഗ്ദാനവും ചെയ്തു. ആ വർഷം തന്നെ ജൂലൈ 31-ന് അർജന്റീന പ്രൊവൻസിന്റെ പ്രോവിൻഷ്യാൾ ആയി തെരഞ്ഞെടുക്കപ്പെട്ടു. 1979 വരെ നീണ്ടു ആ സേവനം. 1980-ൽ സൻമിഗുവെൽ സെമിനാരിയുടെ റെക്ടർ ആയി നിയമിക്കപ്പെട്ടു. ഈ ജോലി ഏറ്റെടുക്കും മുമ്പ് അദ്ദേഹം മൂന്നു മാസം അയർലണ്ടിൽ പോയി ഇംഗ്ലീഷ് ഭാഷ പഠിക്കുകയുണ്ടായി. തിരിച്ചു വന്ന് റെക്ടർ സ്ഥാനം ഏറ്റ ബെർഗോളിയോ 1986 വരെ അവിടെ തുടർന്നു. അതിനുശേഷം ഗവേഷണ പഠനത്തിനായി ജർമ്മനിയിലെ ഫ്രാങ്ക്ഫർട്ട് ദൈവശാസ്ത്ര കോളേജിൽ കുറെ മാസങ്ങൾ ചിലവഴിച്ചു. എന്നാൽ ഏതാനും മാസങ്ങൾക്കു ശേഷം അദ്ദേഹം അർജന്റീനയിലേക്കു മടങ്ങി. കൊർദോബയിലെ ഈശോ സഭാ സമൂഹത്തിന്റെ കുമ്പസാരക്കാരനും ആദ്ധ്യാത്മിക ഉപദേഷ്ടാവുമായിട്ടാണ് പിന്നീടദ്ദേഹം പ്രവർത്തിച്ചത്. ജർമ്മനിയിലെ ഓസ്സ്ബുർഗിൽ കാണാനിടയായ 'മേരി, അൺടയർ ഓഫ് നോട്ട്സ്' (കുരുക്കുകൾ അഴിക്കുന്ന മാതാവ്) എന്ന പെയ്ന്റിംഗ് അദ്ദേഹത്തെ ഏറെ ആകർഷിച്ചു. അതിന്റെ ഒരു പകർപ്പ് അർജന്റീനയിലേക്ക് കൊണ്ടുവന്നു. ഇന്നത് അർജന്റീനയിലെ മരിയ ഭക്തിയുടെ കേന്ദ്രമാണ്.

### മെത്രാൻ

1992-ൽ ബെർഗോളിയോ ബ്യൂവെനോസ് ഐരേസിന്റ സഹായ മെത്രാനായി നിയോഗിക്കപ്പെട്ടു. അന്തോണിയോ ക്വറാച്ചിനോ ആയിരുന്നു അന്നത്തെ ആർച്ച് ബിഷപ്പ്. 1997 ജൂൺ 3-ന് അദ്ദേഹം അവിടുത്തെ കോ-അഡ്ജുറ്റർ ആർച്ച് ബിഷപ്പായി. അത്തായി 9:9-13 വാക്യങ്ങളെക്കുറിച്ച് വിശുദ്ധ ബിഡ് നടത്തിയ വിചിന്തനത്തിലെ "അവൻ എന്നെ കരുണാപൂർവ്വം തൃക്കൺ പാർത്ത് എന്നെ

തെരഞ്ഞെടുത്തു" എന്ന വാക്യമായിരുന്നു ബെർ ഗോളിയോ ആപ്തവാക്യമായി സ്വീകരിച്ചത്.

1998 ഫെബ്രുവരി 28-ന് ആർച്ച് ബിഷപ്പ് ക്വറാച്ചിനോ രമിച്ചപ്പോൾ ബെർഗോളിയ ബ്യൂവെനോസ്#േ ഐരേസിന്റെ മെത്രാപ്പോലിത്തയായി. ആർച്ച് ബിഷപ്പ് എന്ന നിലയിൽ പുതിയ ഇടവകകൾക്ക് രൂപം കൊടുക്കുന്നതിനും, അതിരൂപതയുടെ ഭരണ സംവിധാനം പുനഃക്രമീകരിക്കുന്നതിനു അദ്ദേഹം ഏറെ ശ്രദ്ധിച്ചു. ബ്യൂവെനോസ് ഐരേസിലെ ചേരികളിൽ സഭയുടെ സാന്നിധ്യം വർദ്ധിപ്പിക്കുന്നതിനായി ധാരാളം വൈദികരെ അദ്ദേഹം അവിടങ്ങളിലേക്ക് നിയോഗിച്ചു.

ആർച്ചുബിഷപ്പായിരിക്കെ 1998-ൽ അദ്ദേഹത്തിന് അർജന്റീനയിലെ പൗരസ്ത്യ സഭകളുടെ മേൽനോട്ടം കൂടി ലഭിച്ചു. ഗ്രീക്ക് കത്തോലിക്ക സഭാ മെത്രാപ്പോലീത്താ ഷെവ്ചുക്ക് പറയുന്നു: 'ബെർഗോളിയോ ഞങ്ങളുടെ ആരാധനക്രമവും, രീതികളും, ആധ്യാത്മികതയും വളരെ നന്നായി ഉൾക്കൊണ്ടിരുന്നു. അർജന്റീനയിലെ ഞങ്ങളുടെ സഭാമക്കളെ അതീവശ്രദ്ധയോടെയാണ് അദ്ദേഹം ശുശ്രൂഷിച്ചിരുന്നത്.'

പെസഹാ വ്യാഴാഴ്ച ആശുപത്രികളിലോ, ജയിലിലോ, വൃദ്ധസദനങ്ങളിലോ ഉള്ള പാവപ്പെട്ടവരുടെ പാദം കഴുകുക എന്നതായിരുന്നു അദ്ദേഹത്തിന്റെ രീതി. ഒരിക്കൽ അദ്ദേഹം ഗർഭിണികളുടെയും നവജാതശിശുക്കളുടെയും പാദക്ഷാളനം നടത്തി. മാർപ്പാപ്പാ ആയതിനു ശേഷം തന്റെ ആദ്യ പെസഹാ വ്യാഴം അദ്ദേഹം ചെലവഴിച്ചത് റോമിലെ ജയിലിൽ 14നും 21നും ഇടക്ക് പ്രായമുള്ള യുവ കുറ്റവാളികളോടൊപ്പമായിരുന്നു. അക്കൂട്ടത്തിൽ 2 സ്ത്രീകളും - ഒരു സെർബിയൻ മുസ്ലീമും ഒരു ഇറ്റലിക്കാരി കത്തോലിക്കയും - ഉണ്ടായിരുന്നു.

2007-ൽ ബനഡിക്ട് 16-ാം പാപ്പായുടെ നിർദ്ദേശപ്രകാരം 2-ാം വത്തിക്കാൻ കൗൺസിൽ നിരാകരിച്ച ട്രൈഡൻന്റൈൻ കുർബാന പുനരവതരിപ്പിക്കപ്പെട്ടപ്പോൾ ആദ്യമായി ബ്യൂവെനോസ് ഐരേസിൽ ബെർഗോളിയ അത് നടപ്പിലാക്കി - ആഴ്ചയിൽ ഒരിക്കൽ എന്ന രീതിയിൽ.

2005 നവംബർ എട്ടിന് അദ്ദേഹം ബ്യൂവെനോസ് ഐരേസിലെ മെത്രാൻ സംഘത്തിന്റെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. പിന്നീട് മൂന്നു വർഷത്തേക്കു കൂടി അദ്ദേഹം വീണ്ടും ആ സ്ഥാനത്തേക്ക് നിയോഗിക്കപ്പെട്ടു. മെത്രാൻ സംഘത്തിന്റെ ഭരണ സമിതി അംഗമായും, ആരാധനാ കമ്മിറ്റിയംഗമായു അദ്ദേഹം സേവനം ചെയ്തിരുന്നു. പട്ടാള കിരാതത്വത്തിൽ നിന്നും ജനങ്ങളെ സംരക്ഷിക്കാൻ സഭ പരാജയപ്പെട്ടതിന് അദ്ദേഹം മെത്രാൻ സംഘത്തിന്റെ തലവനെന്ന നിലയിൽ പരസ്യമായി മാപ്പു പറയുകയുണ്ടായി.
ഡിസംബർ 2011-ൽ 75 വയസ്സു പൂർത്തിയായപ്പോൾ അദ്ദേഹം കാനൻ നിയമ പ്രകാരം തന്റെ ആർച്ചുബിഷപ്പു സ്ഥാനം രാജിവച്ചുകൊണ്ട് ബനഡിക്ട് പാപ്പായ്ക്ക് കത്തെഴുതുകയും ചെയ്തിരുന്നു.

### കർദ്ദിനാൾ

2001 ഫെബ്രുവരി 21-നു ചേർന്ന 'കൺസിസ്റ്ററി'യിൽ വച്ച് ജോൺപോൾ രണ്ടാമൻ പാപ്പാ ബെർഗോളിയോയെ കർദ്ദിനാൾ ആയി ഉയർത്തി. റോമിലെ വി.റോബർട്ട് ബല്ലർമീനോയുടെ നാമത്തിലുള്ളതും ഈശോസഭക്കാർ നോക്കി നടത്തുന്നതുമായ പള്ളിയാണ് അദ്ദേഹത്തിന് ലഭിച്ചത്. അന്ന് ഈ ചടങ്ങിനായി റോമിലെത്തിയ ബെർഗോളിയോ തന്റെ സഹോദരി എലേനയോടൊപ്പെ വടക്കേ ഇറ്റലിയിലുള്ള ജന്മനാട് സന്ദർശിക്കുകയുണ്ടായി.
അതേവർഷം സെപ്റ്റംബർ 11-ന് ന്യൂയർക്കിലെ ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ അവിടുത്തെ കർദ്ദനാൾ എഡ്വേർഡ് ഈഗൻ റോമിൽ നടന്നുകൊണ്ടിരുന്ന മെത്രാൻ സിനഡിൽ നിന്ന് തിരിച്ചു വിളിക്കപ്പെട്ടു. സിനഡിന്റെ റിപ്പോർട്ടിങ്ങ് സെക്രട്ടറി ആയിരുന്നു അദ്ദേഹം. പുതിയ സാഹചര്യത്തിൽ അദ്ദേഹത്തിന് പകരം ഈ ജോലി ബെർഗോളിയോയെ ആണ് ഏൽപിച്ചത്. "ഐക്യവും ഡയലോഗും ഹൃദയത്തിൽ പേറുന്ന ഒരു വ്യക്തിയായി അദ്ദേഹത്തെ സിനഡംഗങ്ങൾ വിലയിരുത്തി"എന്ന് കാത്തലിക് ഹെരാ ൾഡ് ഒന്നു എഴുതുകയുണ്ടായി.

വിനീതമായ വ്യക്തിത്വം, സഭാപഠനങ്ങളോട് മിതസമീപനം, സാമൂഹ്യനീതിയോട് തികഞ്ഞപ്രതിബദ്ധത എന്നീ സവിശേഷതകൾ അദ്ദേഹത്തിന്റെ മുഖമുദ്രയായി അറിയപ്പെട്ടിരുന്നു. കർദ്ദിനാൾ എന്ന നിലയിൽ അദ്ദേഹം ഒരു ചെറിയ അപ്പാർട്ട്മെന്റിലാണ് താമസിച്ചിത്. ഒളിവോസിലെ പ്രൗഢമായ മെത്രാസന

മന്ദിരം അദ്ദേഹം ഉപേക്ഷിച്ചു. സാധാരണക്കാർ ഉപയോഗിക്കുന്ന പൊതുഗതാഗത സങ്കേതങ്ങളെ ആശ്രയിക്കുകയും, ഭക്ഷണം സ്വയം പാകം ചെയ്യുകയും ചെയ്തു. ഓദ്യോഗിക ആവശ്യങ്ങൾക്കായി റോമിൽ എത്തുമ്പോഴെല്ലാം തന്റെ സന്ദർശനം വളരെ ഹ്രസ്വമാക്കുവാൻ അദ്ദേഹം ശ്രദ്ധിച്ചു - മിന്നൽ സന്ദർശങ്ങൾ. വി.കൊച്ചുത്രേസ്യയോട് പ്രത്യേക ഭക്തി വണക്കം ഹൃദയത്തിൽ സൂക്ഷിച്ച അദ്ദേഹം താനെഴുതുന്ന കത്തുകളോടൊപ്പം ഈ വലിയ മിഷനറിയുടെ പടവും വയ്ക്കുക പതിവായിരുന്നു.

ജോൺ പോൾ രണ്ടാമന്റെ സംസ്കാരത്തിൽ പങ്കെടുത്ത അദ്ദേഹത്തെ ഒടുത്ത മാർപ്പാപ്പാ ആകുവാൻ യോഗ്യനായി പലരും കണ്ടിരുന്നു. നാഷണൽ കാത്തലിക് റിപ്പോർട്ടറിൽ ജോൺ അലൻ ജൂനിയർ എഴുതിയത് 2005-ലെ കോൺക്ലേവിൽ പങ്കെടുത്ത ബെർഗോളിയോ വോട്ടിംഗിൽ ഒരു റണ്ണർ അപ് ആയിരുന്നു എന്നാണ്. '3-ാമത്തെ റൗണ്ടിൽ അദ്ദേഹത്തിന് 40 വോട്ടുകൾ ലഭിച്ചു. എന്നാൽ നാലാം വട്ടമായപ്പോൾ അത് 26 ആയി താഴുകയും റാറ്റ്സിംഗർ ലീഡ് ചെയ്യുകയും ചെയ്തു.' ഇറ്റാലിയൻ മാധ്യമ പ്രവർത്തകൻ അന്ത്രയാ ടോർണിയേല്ലി പിന്നീടെഴുതി: 'ഇതാദ്യമായാണ് ഒരു ലാറ്റിൻ അമേരിക്കൻ പ്രതിനിധിക്ക് പാപ്പാ തെരഞ്ഞെടുപ്പിൽ ഇത്രയധികം വോട്ടുകൾ ലഭിക്കുന്നത്.'

ഇറ്റാലിയൻ വാത്താ പത്രം 'ലാ സ്റ്റാംപാ' എഴുതിയതും ഈ നിരീക്ഷണങ്ങളെ പിന്തുണച്ചുകൊണ്ടാണ്: റാറ്റ്സിംഗറിന് ഒരു വെല്ലുവിളി ഉയർത്തിയ ഈ തെരഞ്ഞെടുപ്പിൽ, ബെർഗോളിയോ തന്നെ തനിക്കു വോട്ട് ചെയ്യരുതേ എന്ന് വികാരഭരിതനായി അഭ്യർത്ഥിച്ചു എന്നും ഈ പത്രം റിപ്പോർട്ട് ചെയ്തു. അതുവഴി, കോൺക്ലേവിന്റെ ദൈർഘ്യം കുറിക്കുവാൻ ബെർഗോളിയോ ആഗ്രഹിച്ചു എന്നും ടൊർണിയേല്ലി പറഞ്ഞു.

## പാപ്പാ

കോൺക്ലേവിന്റെ രണ്ടാം ദിവസമായ 2013 മാർച്ച് 13-ന് അഞ്ചാം വട്ടത്തെ വോട്ടെടുപ്പിലാണ് ബെർഗോളിയോ പത്രോസിന്റെ പിൻഗാമിയായി തെരഞ്ഞെടുക്കപ്പെട്ടത്. ഫ്രെഞ്ച് കർദ്ദിനാൾ ജീൻ ലൂയി തൗറാൻ ആണ് 'ഹബേമൂസ് പാപ്പാം' പ്രഖ്യാപനം നടത്തിയത്.
പേപ്പൽ സിംഹാസനത്തിലിരുന്നുകൊണ്ടാണ് സാധാരണ പുതിയ പാപ്പാ കർദ്ദിനാളന്മാരുടെ അഭിനന്ദനങ്ങൾ സ്വീകരിക്കുന്നത്. എന്നാൽ പതിവിനു വിപരീതമായി ബെർഗോളിയോ എഴുന്നേറ്റ് നിന്ന് അഭിവാദനങ്ങൾ ഏറ്റുവാങ്ങി. വത്തിക്കാനിലെ പതിവുകൾക്ക് മാറ്റം വരുന്നു എന്ന സൂചനയാണ് ഇത് നല്കിയത്.

ചുവന്ന റേന്ത പിടിപ്പിച്ച 'മൊസേന്ത'ക്കു പകരം ഒരു വെള്ള കുപ്പായം അദ്ദേഹം തെരെഞ്ഞെടുത്തു. മുൻഗാമികൾ ധരിച്ച സ്വർണ്ണ കിരുശിന്റെ സ്ഥാനത്ത് താൻ കർദ്ദിനാൾ ആയിരുന്നപ്പോൾ ഉപയോഗിച്ചിരുന്ന ഇരുമ്പ് കുരിശ് തന്നെ നിലനിർത്തുകയും ചെയ്തു.

തെരഞ്ഞെടുപ്പിനും 'ഫ്രാൻസീസ്' എന്ന നാമധേയം സ്വീകരിക്കലും ശേഷം അദ്ദേഹം ചെയ്യേണ്ടിയിരുന്നത് 'ഊബി എത്ത് ഓർബി' എന്ന ആശീർവാദം ബസിലിക്ക അങ്കണത്തിലുള്ളവർക്കും ലോകം മുഴുവനും നൽകുക എന്നതായിരുന്നു. എന്നാൽ അത് ചെയ്യും മുമ്പ് ചത്വരത്തിലെ ജനനസഞ്ചയനത്തോടൊപ്പം അദ്ദേഹം തന്റെ മുൻഗാമി ബനഡിക്റ്റ് 16-ാമനുവേണ്ടി നിശ്ശബ്ദമായി പ്രാർത്ഥിച്ചു. തുടർന്ന് ജനങ്ങളുടെ പ്രാർത്ഥനയും അനുഗ്രഹവും അഭ്യർത്ഥിച്ച് അവർക്കു മുമ്പിൽ ശിരസ്സു നമിച്ചു.